പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3399

19/10/2016-ൽ മറുപടിയ്ക്ക്

## ക്ഷീര സംഘങ്ങളുടെ ആധുനിക വത്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ് മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ് മെന്റ് പ്രോഗ്രം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിറുത്തിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം,മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു<br>പ്രാഥമിക ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാദിവസവും പരിശോധിച്ചതിനു ശേഷം ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് പാൽവില നിശ്ചയിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത്. ഇതിനായി മിൽക്ക് അനലൈസർ ഉൾപ്പെടെയുള്ള ആധുനിക |

പരിശോധന സൗകര്യങ്ങൾ ക്ഷീര സംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണവിഭാഗം സംഘങ്ങളിൽ നേരിട്ട് പാൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ മാർക്കറ്റ് സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

| | |
|---|---|
| (ബി) ക്ഷീര സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ബി) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനായി 2016-17-ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ, ഫെസിലിറ്റേഷൻ കം ഇൻഫർ-മേഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനും പാൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള AMC യൂണിറ്റ് (Automatic Milk Collection Unit) സ്ഥാപിക്കുന്നതിനും ക്ഷീര സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു.<br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാററിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. ക്ഷീരസംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.